സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് – 2022–23 സാമ്പത്തിക വർഷത്തെ വാർഷിക ഏൺഡ് ലീവ് സറണ്ടർ ആനുകൂല്യം സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: ROC No. 3701/20/Est-1 നന്തൻകോട് 29/03/2023

---

പരാമർശം ഃ– 14–03–2023 ലെ മേൽ നമ്പർ ഉത്തരവ്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ എല്ലാ വിഭാഗം ജീവനക്കാരുടേയും 2022–23 വർഷത്തെ മാറ്റിവച്ചിരുന്ന വാർഷിക ഏൺഡ് ലീവ് സറണ്ടർ ആനുകൂല്യം 4 വർഷത്തിനുശേഷം മാത്രമേ പിൻവലിക്കാവൂ എന്ന വ്യവസ്ഥയിൽ 20–03–2023 മുതൽ ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിന് അനുവദിച്ച് ബോർഡുത്തരവായിരുന്നു. (പരാമർശം)

എന്നാൽ വിരമിക്കുന്നതിന് മുന്നോടിയായി പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ട് ക്ലോസ് ചെയ്തവരുടെ കാര്യത്തിൽ ടി ആനുകൂല്യം എപ്രകാരം നൽകുമെന്നതിൽ തീരുമാനം ഉണ്ടായിട്ടില്ലാത്തതാണ്.

ബോർഡ് ഇക്കാര്യം പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ റിട്ടയർമെന്റിന് മുന്നോടിയായി പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ട് ക്ലോസ് ചെയ്ത ജീവനക്കാർക്ക്/പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ട് ഇല്ലാത്ത ജീവനക്കാർക്ക് 2022–23 വർഷത്തെ സറണ്ടർ ആനുകൂല്യം രൊക്കം പണമായി നൽകുന്നതിന് അനുവദിച്ച് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി
(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :–

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഐ. റ്റി. ഡിവിഷൻ
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ആഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK